**കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്**
**കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല**
പൂക്കോട്, ലക്കിടി പി. ഒ, വയനാട്-673576.
ഫോൺ നം. 04936 256901 & 902,04936256909
ഇ-മെയിൽ(ഡീൻ): deanvetpkt@kvasu.ac.in.(അഡ്മിൻ)(aovetpkt@kvasu.ac.in)

---

തീയ്യതി: 13/01/2025

നമ്പർ:കോവാസ്/പി.കെ.ഡി/ജന(2)/2732/2017

## ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട്, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ് -ലെ വിദ്യാർത്ഥികൾക്കും മറ്റ് സർവ്വകലാശാല ജീവനക്കാർക്കുമായി ഒരു വർഷത്തേക്ക് (2025-26 കാലയളവ്) കരാർ അടിസ്ഥാനത്തിൽ കാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ആധുനിക സജ്ജീകരണങ്ങളുള്ള ബോയിലർ അധിഷ്ഠിത അടുക്കളയും, സാധാരണ ഡൈനിംഗ് ഹാളും, വി.ഐ.പി ഡൈനിംഗ് ഹാളും ഉള്ള കാന്റീനിലേക്കാണ് ടി ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

ക്വട്ടേഷൻ സമർപ്പിക്കുന്ന മുദ്ര വെച്ച കവറിനു പുറത്ത് " 2025-26 വർഷത്തിലേക്ക് കരാർ അടിസ്ഥാനത്തിൽ പൂക്കോട് വെറ്ററിനറി കോളേജിലെ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | |
|---|---|
| വിലാസം | ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, പൂക്കോട്. |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയ്യതി, സമയം | 28/01/2025 12.30 pm ന് |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | 28/01/2025 2.00 pm ന് |
| നിരത ദ്രവ്യം | ഡീൻ, സി.വി.എ.എസ്, പൂക്കോട് ( Dean, CVAS, Pookode) എന്ന പേരിൽ എസ്.ബി.ഐ കൽപ്പറ്റയിൽ മാറാവുന്ന 2,000/-രൂപ (രണ്ടായിരം രൂപ) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് |
| കരാർ പ്രാബല്യം | കാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് |
| സെക്യൂരിറ്റി തുക | ഡീൻ, സി.വി.എ.എസ്, പൂക്കോട് (Dean, College of veterinary and Animal Sciences, Pookode) എന്ന പേരിൽ എസ്.ബി.ഐ കൽപ്പറ്റയിൽ മാറാവുന്ന 50,000/-രൂപ ( അമ്പതിനായിരം രൂപ) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് |

ക്വട്ടേഷൻ ഇതോടൊപ്പം അനുബന്ധമായി തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. മറ്റ് നിബന്ധനകൾ ചുവടെ ചേർക്കുന്നു.

### നിബന്ധനകൾ ( Appendix A )

1. എല്ലാ ക്വട്ടേഷനുകളും, ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, പൂക്കോട് എന്ന് അഭിസംബോധന ചെയ്യേണ്ടതാണ്. " 2025-26 വർഷത്തിലേക്ക് കരാർ അടിസ്ഥാനത്തിൽ പൂക്കോട് വെറ്ററിനറി കോളേജിലെ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ" എന്ന് കൃത്യമായി കവറിന് മുകളിൽ രേഖപ്പെടുത്തിയിരിക്കണം. കരാർ ലഭിച്ചാൽ ഉടനെ എഫ്.എസ്.എസ്.എ.ഐ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം.
2. ഭക്ഷണ പാചക വിതരണ മേഖലയിൽ വിജയകരമായി നടത്തിയ പ്രവൃത്തിപരിചയം സംബന്ധിച്ച സാക്ഷ്യപത്രം ക്വട്ടേഷന്റെ കൂടെ നിർബന്ധമായും സമർപ്പിക്കണം.
3. കാന്റീനിൽ സജ്ജീകരിച്ചിരിക്കുന്ന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ പ്രാപ്തരായ ജീവനക്കാർ കാന്റീനിൽ ഉണ്ടായിരിക്കണം.
4. കരാറിന്റെ കാലാവധി പ്രവർത്തനം ആരംഭിക്കുന്ന തിയ്യതി മുതൽ ഒരു വർഷം ആയിരിയ്ക്കും.
5. അനുബന്ധ പട്ടികയിൽ തന്നിട്ടുള്ള ആഹാരപദാർത്ഥങ്ങളുടെ ശരാശരി ഭാരം ക്വട്ടേഷനിൽ പ്രത്യേകമായും അതിനോടൊപ്പം തന്നെ, കരാറുകാരന്റെ പ്രസ്തുത മേഖലയിലുള്ള പ്രവൃത്തി പരിചയം, ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന സംരംഭത്തിലെ വിറ്റ് വിവരം അതിൽ നിന്നുമുള്ള ആദായം എന്നിവയും പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

6. കരാറുകാരൻ ഭക്ഷണശാല നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന തൊഴിലാളികൾക്കുള്ള ക്ഷേമനിധി, സംസ്ഥാന തൊഴിലാളി ജീവൻ സുരക്ഷാ പദ്ധതി, കരാർ നിയമനങ്ങൾ, അന്തർദ്ദേശീയ കുടിയേറ്റ തൊഴിലാളി നിയന്ത്രണ നിയമങ്ങൾ അടിസ്ഥാന വേതനനിയമം, നഷ്ടപരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ തർക്കങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

7. കരാറുകാരൻ ആരോഗ്യവകുപ്പ്, ഭക്ഷ്യവകുപ്പ്, വൈത്തിരി ഗ്രാമ പഞ്ചായത്ത് എന്നിവർ നിർദ്ദേശിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളും കരുതിയിരിക്കേണ്ടതും, കാന്റീൻ ജീവനക്കാരുടെ വൈദ്യപരിശോധനകൾ ഇടയ്ക്കിടെ നടത്തേണ്ടതുമാകുന്നു

8. കാന്റീനിലെ ഒരു തൊഴിലാളിയെങ്കിലും ആധുനികസജ്ജീകരണങ്ങളോടുകൂടിയ ഉപകരണങ്ങൾ(ബോയിലർ, വാട്ടർ കൂളർ) എന്നിവ പ്രവർത്തിപ്പിക്കാൻ പ്രാവീണ്യമുള്ളവരായിരിക്കണം.

9. കാന്റീനിലെ എല്ലാ ജീവനക്കാർക്കും ഓവർകോട്ട്, ഏപ്രൺ, ക്യാപ്പ്, കൈയ്യുറ എന്നിവ നിർബന്ധമാണ്.

10. കാന്റീനിന്റെ പ്രവൃത്തിസമയം രാവിലെ 7 മണിമുതൽ വൈകിട്ട് 7 വരെയാണ്.

11. ഈ സ്ഥാപനത്തിലെ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും ഒഴികെ പൊതുജനങ്ങൾക്കും പുറമേ നിന്നുള്ള ആളുകൾക്കുമായി നടത്തുന്ന പരിശീലനപരിപാടികൾ, സെമിനാറുകൾ ഇവയിൽ പങ്കെടുക്കുന്നവർക്ക് നൽകുന്ന ഭക്ഷണത്തിന് വെവ്വേറെ നിരക്കുകൾ കാണിക്കാവുന്നതാണ്. ഈ നിരക്കുകൾക്ക് കാന്റീൻ കമ്മറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്.

12. എല്ലാ പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളും എം.ആർ.പി വിലയിലോ അതിൽ താഴെയോ മാത്രമേ വിൽക്കാവൂ.

13. ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം അച്ചടിച്ച ബില്ലുകൾ നൽകേണ്ടതാണ്.

14. ഡൈനിംഗ് ഹാൾ, കാന്റീൻ പരിസരം എന്നിവ മാലിന്യമുക്തവും, ശുചിത്വപൂർണ്ണവും ആയി സൂക്ഷിക്കേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്.

15. ഭക്ഷണ വിതരണം സർവ്വകലാശാല ജീവനക്കാർക്ക് മുൻഗണന നൽകേണ്ടതാണ്.

16. പ്രാതൽ ഭക്ഷണം 8 മണിമുതലും, ഉച്ച ഭക്ഷണം 12.30 മുതലും നൽകേണ്ടതാണ്.

17. കോളേജിലും, യൂണിവേഴ്സിറ്റിയിലും ഉള്ള അദ്ധ്യാപക-അനദ്ധ്യാപക, വിദ്യാർത്ഥി സമൂഹത്തിനും, തൊഴിലാളികൾക്കും, പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്കും , പുറത്തുനിന്നുമുള്ള സന്ദർശകർക്കും ഭക്ഷണം നൽകാൻ ബാധ്യസ്ഥരാണ്.

18. സർവ്വകലാശാലയിലെ വിവിധ ഓഫീസിൽ നിന്ന് ഔദ്യോഗിക പരിപാടികൾക്ക് ഭക്ഷണം ആവശ്യപ്പെടുന്നപക്ഷം അതാത് ഓഫീസിൽ എത്തിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്.

19. കരാറുകാരനും, കാന്റീൻ തൊഴിലാളികളും, ഉപഭോക്താക്കളും തമ്മിൽ ഉണ്ടാകാവുന്ന യാതൊരു തർക്കങ്ങൾക്കും കോളേജ്/യൂണിവേഴ്സിറ്റി ഉത്തരവാദികളായിരിക്കില്ല.

20. ഏർപ്പെട്ട കരാറിൽ നിന്ന് പിൻമാറുവാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് രണ്ട് മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുമ്പാകെ നോട്ടീസ് നൽകേണ്ടതാണ്.

21. കരാർ ഉറപ്പിക്കുന്നതിനു മുൻപായി കാന്റീൻ കമ്മിറ്റിക്കു മുമ്പാകെ കാന്റീൻ കമ്മിറ്റി ആവശ്യപ്പെടുന്ന പക്ഷം ഒരു ദിവസം മുഴുവനായി ഭക്ഷണം പാചകം ചെയ്ത് കാണിക്കേണ്ടതാണ്.

22. കോളേജ് മേധാവിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപ് നോട്ടീസ് നൽകി റദ്ദാക്കുവാൻ അധികാരമുള്ളതായിരിക്കും.

23. കോളേജ് അധികാരിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതിനനുസൃതമായി, കരാറുകാരൻ എത്രയും വേഗം കാന്റീനിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതിനു മുൻപ് എല്ലാ കരാർ വ്യവസ്ഥകളും പൂർത്തീകരിക്കുകയും വേണം.

24. കാന്റീൻ നടത്തിപ്പിനായുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ കരാറുകാരൻ, സെക്യൂരിറ്റി തുകയായി 50,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്-ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, പൂക്കോട് എന്ന പേരിൽ അടയ്ക്കേണ്ടതാണ്.

25. ജി.എസ്.ടി, എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷനുകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

26. കരാറുകാരൻ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിതമാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പുവയ്ക്കേണ്ടതാണ്.

27. എല്ലാ വിധ മാലിന്യങ്ങളും നീക്കം ചെയ്യേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

28. സേവന നികുതി, ആദായ നികുതി, തുടങ്ങി അനുബന്ധ നികുതികളും യഥാ സമയം അടയ്ക്കേണ്ടതും, അല്ലാത്ത പക്ഷം വരുന്ന എല്ലാ പിഴവുകൾക്കും സ്വയം ഉത്തരവാദി ആയിരിക്കുന്നതുമാണ്.

29. കാന്റീനിലെ വിലയേറിയ ആധുനിക സജ്ജീകരണങ്ങൾക്കും, ഉപകരണങ്ങൾക്കും, പാത്രങ്ങൾ മുതലായ മറ്റ് സാധന സാമഗ്രികൾക്കും എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ, അവയ്ക്കുള്ള നഷ്ടപരിഹാരത്തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും . എല്ലാ നഷ്ടവും തീർപ്പാക്കിയ ശേഷം മാത്രമേ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുകയുള്ളൂ.

30. അനുബന്ധ പട്ടികയിൽ പറഞ്ഞിട്ടുള്ള ആഹാരസാധനങ്ങൾക്ക് പുറമേ മറ്റ് അനുയോജ്യമായ ഭക്ഷണ വിഭവങ്ങളും നൽകാവുന്നതാണ്. അതിന്റെ വില ക്വട്ടേഷനിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

31. കാന്റീനിന്റെ പരിസരത്തുള്ള വാഷ്ബേസിൻ, ടോയ് ലറ്റുകൾ മുതലായവ ശുചിയാക്കി സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം കരാറുകാരനിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതാണ്.

32. പഴകിയ ഭക്ഷ്യവസ്തുക്കൾ കാന്റീനിൽ യാതൊരു കാരണവശാലും വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. ഒരു ദിവസം ഉപയോഗിച്ച എണ്ണ , മുതലായ വസ്തുക്കൾ അടുത്ത ദിവസത്തെ ഭക്ഷണം തയ്യാറാക്കുന്നതിനായി ഉപയോഗിക്കാൻ പാടുള്ളതല്ല.

33. അച്ചാറുകൾ കാന്റീനിൽ നിന്നും ഉണ്ടാക്കി വിതരണം ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പുവരുത്തേണ്ടതുമാണ്.

34. കാർബണേറ്റഡ് ബോട്ടിൽഡ് പാനീയങ്ങൾ, ജങ്ക് ഫുഡ് എന്നിവ കാന്റീനിൽ നിന്നും വിൽപ്പന ചെയ്യാൻ പാടുള്ളതല്ല.

35. കോളേജ് മേധാവിക്കോ, മേധാവി അധികാരപ്പെടുത്തുന്ന വ്യക്തിക്കോ /വ്യക്തികൾക്കോ ഏതൊരു സമയത്തും കാന്റീനിന്റെ പ്രവർത്തനം പരിശോധിക്കാനുള്ള അധികാരമുണ്ടായിരിക്കും. അദ്ദേഹം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാരൻ എന്നും ബാധ്യസ്ഥനാണ്.

36. ക്വട്ടേഷനുകൾ പരിഗണിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിക്കുന്നതുമായിരിക്കും.

37. 28/01/2025 രാവിലെ 12 pm വരെ ലഭ്യമാകുന്ന എല്ലാ ക്വട്ടേഷനുകളും കോളേജ് മേധാവിയുടെ സൂക്ഷ്മപരിശോധനകൾക്ക് വിധേയമാക്കി, എല്ലാ വശങ്ങളും പരിഗണിച്ച ശേഷം, മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി കാന്റീൻ കമ്മിറ്റി തീരുമാനിക്കുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്. ഭക്ഷണ വിഭവങ്ങളുടെ നിരക്ക് മാത്രമായിരിക്കില്ല കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള പരിഗണനാ വിഷയം.

38. ഈ ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ക്വട്ടേഷൻ നിരാകരിക്കുന്നതിനുള്ള പരിപൂർണ്ണ അവകാശം കോളേജ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

39. കാന്റീനിൽ ഭക്ഷണ സാധനങ്ങൾ കൂടാതെ യാതൊരു വിധ ലഹരി വസ്തുക്കളും പ്രവേശിപ്പിക്കുവാനോ, വിപണനം നടത്തുവാനോ ഭക്ഷ്യവസ്തുക്കളിൽ ചേർത്തു നൽകുവാനോ പാടുള്ളതല്ല. ഭക്ഷണങ്ങളിൽ കൃത്രിമനിറങ്ങൾ, രാസവസ്തുക്കൾ എന്നിവ അനുവദിക്കുന്നതല്ല.

40. ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച നിരക്കുകളിൽ യാതൊരു കാരണവശാലും മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

41. കാന്റീൻ നടത്തുന്നതിനുള്ള ഇരിപ്പിട സൗകര്യങ്ങൾ മാത്രമേ സൗജന്യമായി ലഭിക്കുകയുള്ളു.

42. കാന്റീൻ നടത്തുന്നതിനായി നൽകുന്ന സാധനസാമഗ്രികൾ കണക്കെടുത്ത് പരസ്പരം സാക്ഷ്യപ്പെടുത്തേണ്ടതും, കരാർ കാലാവധിക്കു ശേഷം തർക്കരഹിതമായി തിരിച്ചു നൽകേണ്ടതുമാണ്.

43. കാന്റീൻ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായാണോ കാന്റീൻ പ്രവർത്തിക്കുന്നത് എന്ന് കാന്റീൻ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും, ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടാൽ നടത്തിപ്പുകാരനുമായിട്ടുള്ള കരാർ റദ്ദാക്കുവാൻ എപ്പോൾ വേണമെങ്കിലും സ്ഥാപന മേധാവിയോട് ശുപാർശ ചെയ്യുവാനുള്ള അധികാരം കാന്റീൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

44. എല്ലാ പ്രവൃത്തി ദിവസങ്ങളിലും കാന്റീൻ പ്രവർത്തിക്കേണ്ടതാണ്.

45. ക്വട്ടേഷനിൽ പറയുന്ന നിരക്കിൽ രുചിയും, ഗുണമേന്മയുമുള്ള ഭക്ഷണം എല്ലാവർക്കും നൽകുവാൻ സാധ്യമാകുമോ എന്ന് കാന്റീൻ കമ്മിറ്റി വിലയിരുത്തിയതിനു ശേഷം മാത്രമായിരിക്കും അന്തിമ മായി കരാറുകാരനെ തീരുമാനിക്കു. ഇക്കാര്യത്തിൽ കാന്റീൻ കമ്മിറ്റിക്ക് പൂർണ്ണമായ അധികാരമുണ്ടായിരിക്കും.

46. ക്ലീനിംഗ്, പാചകം എന്നിവക്കുള്ള മതിയായ ജീവനക്കാരുടെ ലഭ്യത കാന്റീൻ നടത്തിപ്പുകാർ ഉറപ്പ് വരുത്തേണ്ടതാണ്.

47. സർവ്വകലാശാല നടത്തുന്ന വിവിധ പരിപാടികൾക്കുള്ള ഭക്ഷണ വിതരണത്തിന് അധിക നിരക്ക് ഈടാക്കാൻ പാടുള്ളതല്ല.

48. കാന്റീൻ നടത്തിപ്പിനാവശ്യമായ വൈദ്യുതിയിനത്തിൽ മാസം തോറും 2000 രൂപ കോളേജ് ഓഫീസിൽ അടവാക്കേണ്ടതാണ്.

49. പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകേണ്ടതും , വാഷ് ഏരിയയിൽ ലിക്വിഡ് സോപ്പ് വെക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്.

50. ഭക്ഷണ വിലവിവരങ്ങളുടെ പട്ടിക കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ് .

51. ഭക്ഷണം മേശയിൽ എത്തിച്ച് വിതരണം ചെയ്യേണ്ട ചുമതല കാന്റീൻ നടത്തിപ്പുകാരിൽ നിക്ഷിപ്തമാണ്.

**ഒപ്പ്/-**
**ഡീൻ (I/C)**

//അംഗീകാരത്തോടെ //

സെക്ഷൻ ഓഫീസർ

## 2025-2026 വർഷത്തെ വെറ്ററിനറി സർവ്വകലാശാലയിലെ കാന്റീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ സമർപ്പണം

പേര്, മേൽവിലാസം:

മൊബൈൽ നമ്പർ:

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിശ്ചയമായും താഴെ പറയുന്ന വിഭവങ്ങളുടെ നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

| നമ്പർ | ഇനം | ശരാശരി അളവ് | നിരക്ക് |
|---|---|---|---|
| 1* | ചായ | 150 മില്ലി | |
| 2* | കാപ്പി | 150 മില്ലി | |
| 3* | ബ്രൂ/നെസ്.കാപ്പി | 150 മില്ലി | |
| 4* | ഇഡ്ഡലി, സാമ്പാർ, ചട്നി | 70 ഗ്രാം, 50 ഗ്രാം | |
| 5* | ദോശ, സാമ്പാർ, ചട്നി | 80 ഗ്രാം, 50 ഗ്രാം | |
| 6* | പുട്ട് | 80 ഗ്രാം | |
| 7* | വെള്ളയപ്പം | 70 ഗ്രാം | |
| 8* | ഇടിയപ്പം | 50 ഗ്രാം | |
| 9 | ചപ്പാത്തി (1 എണ്ണം) | 60 ഗ്രാം | |
| 10 | പൊറോട്ട (1 എണ്ണം) | 70 ഗ്രാം | |
| 11 | പൂരി (1 എണ്ണം) | 50 ഗ്രാം | |
| 12* | സാധാരണ ഊൺ (ഊണിന്റെ ഒപ്പം സാമ്പാർ, മീൻകറി, മറ്റു രണ്ടു തരം സൈഡ് കറികൾ-അവിയൽ, തോരൻ, ഉപ്പേരി എന്നിവ, അച്ചാർ/ചമ്മന്തി, പപ്പടം) (രസം/മോര്/പുളിശ്ശേരി ഏതെങ്കിലും ഒന്ന് മാറിമാറി കൊടുക്കണം) | ആവശ്യാനുസരണം | |
| 13 | ചിക്കൻ ബിരിയാണി | 150 ഗ്രാം റൈസ് + 100 ഗ്രാം ചിക്കൻ + 50 ഗ്രാം സാലഡ് + 25 ഗ്രാം അച്ചാർ + 1 പപ്പടം | |
| 14 | ഓംലറ്റ് സിംഗിൾ | 40 ഗ്രാം | |
| 15* | മുട്ട മസാലക്കറി | 120 ഗ്രാം | |
| 16* | കടലക്കറി | 120 ഗ്രാം | |
| 17 | ഗ്രീൻപീസ് കറി | 120 ഗ്രാം | |
| 18 | ഉരുളക്കിഴങ്ങ് കറി | 120 ഗ്രാം | |
| 19 | ബീഫ് കറി | 120 ഗ്രാം | |
| 20* | ചിക്കൻ കറി | 120 ഗ്രാം | |
| 21 | ഫിഷ് കറി/ഫിഷ് ഫ്രൈ | 120 ഗ്രാം | |
| 22* | പരിപ്പുവട | 60 ഗ്രാം | |
| 23 | ഉള്ളി വട | 60 ഗ്രാം | |
| 24* | ഉഴുന്നുവട | 60 ഗ്രാം | |

| | | | |
|---|---|---|---|
| 25* | പഴം പൊരി | 60 ഗ്രാം | |
| 26 | പൊരിച്ച പത്തിരി | 60 ഗ്രാം | |
| 27 | സമൂസ | 60 ഗ്രാം | |
| 28* | ഇലയട | 60 ഗ്രാം | |
| 29* | ബജ്ജി | 60 ഗ്രാം | |
| 30* | മസാലബോണ്ട | 60 ഗ്രാം | |
| 31 | കട്‌ലറ്റ് (വെജ്) | 60 ഗ്രാം | 01/20 |
| 32 | കട്‌ലറ്റ് (ചിക്കൻ) | 60 ഗ്രാം | |

\# No.20-26 വരെയുള്ള വിഭവങ്ങൾ ഓരോ ദിവസവും മാറി മാറി ഉണ്ടാക്കേണ്ടതാണ്.

\# പുട്ട്, വെള്ളയപ്പം, ഇടിയപ്പം എന്നിവയിൽ ഏതെങ്കിലും ഒന്ന് എല്ലാ ദിവസവും നിർബന്ധമായും ഉണ്ടായിരിക്കണം. ആഴ്ചയിൽ രണ്ടു ദിവസം ഇഡ്ഡലിയും , രണ്ടു ദിവസം ദോശയും (ഇവയോടൊപ്പം തേങ്ങാ ചമ്മന്തി/തക്കാളി ചട്നി, സാമ്പാർ ഇവ നിർബന്ധം) ഒരു ദിവസം പൊറോട്ടയും നിർബന്ധമായും ഉണ്ടായിരിക്കണം.

\# ആഴ്ചയിൽ ഒരിക്കൽ വൈകുന്നേരങ്ങളിൽ മസാല ദോശ, കപ്പയും ചമ്മന്തിയും എന്നിവ നൽകേണ്ടതാണ്.

\# ഊണിനോടൊപ്പം ആഴ്ചയിൽ ഒരു ദിവസം ഇലക്കറികൾ ഉൾപ്പെടുത്തേണ്ടതാണ്.

\# അട, കൊഴുക്കട്ട, പഴം പുഴുങ്ങിയത്, അവിൽ വിളയിച്ചത് എന്നിവയിൽ ഏതെങ്കിലും ഒന്ന് വൈകുന്നേരങ്ങളിൽ ഉണ്ടായിരിക്കണം.

\# സാമ്പാറിനു പകരമായി ആഴ്ചയിൽ ഒരു ദിവസം കാളൻ/മോര്കറി നൽകേണ്ടതാണ്.

*ഈ വിഭവങ്ങൾ അവശ്യ വിഭവങ്ങളായി കണക്കാക്കുന്നതാണ്. ഈ വിഭവങ്ങളിൽ കരാറുകാർ രേഖപ്പെടുത്തുന്ന നിരക്കുകൾ പരിഗണിച്ചാണ് കരാർ ഉറപ്പിക്കുക. ഇവ തുല്യമാകുന്ന പക്ഷം മറ്റു വിഭവങ്ങളുടെ നിരക്കുകൾ പരിഗണിക്കുന്നതായിരിക്കും.

സ്ഥലം :
തിയ്യതി :

ഒപ്പ് :
പേര് :